**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3452** **15-02-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലയിലെ എച്ച്.എസ്.ടി. മലയാളം അദ്ധ്യാപകരുടെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2023-24 അധ്യയന വർഷത്തിൽ മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലായി ആലപ്പുഴ ജില്ലയിൽ എത്ര എച്ച്.എസ്.ടി. മലയാളം അദ്ധ്യാപകർ വിരമിക്കുന്നുണ്ട്; ഏതൊക്കെ സ്കൂളുകളിൽ നിന്നാണ് ഇവർ വിരമിക്കുന്നത് എന്ന് വിരമിക്കൽ തീയതി അടക്കം വ്യക്തമാക്കാമോ; | (എ) | 7 എച്ച്.എസ്.ടി മലയാളം അദ്ധ്യാപകർ വിരമിക്കുന്നുണ്ട്.<br><br>വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | 2023- 24 ലെ സ്റ്റാഫ് ഫിക്സേഷന് ശേഷം ആലപ്പുഴ ജില്ലയിൽ എച്ച്.എസ്.ടി. മലയാളം തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെ സ്കൂളുകളിലാണെന്നു വ്യക്തമാക്കുമോ; | (ബി) | 2023-24 സ്റ്റാഫ് ഫിക്സേഷന് ശേഷം ആലപ്പുഴ ജില്ലയിൽ എച്ച്.എസ്.ടി മലയാളം അധിക തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ല. |
| (സി) | ആലപ്പുഴ ജില്ലയിലെ ഗവ. മുഹമ്മദൻസ് ഹൈസ്കൂൾ കൊല്ലകടവ് എന്ന സ്കൂളിൽ എച്ച്.എസ്.ടി. മലയാളം ഒഴിവ് ഉണ്ടോ; ഉണ്ടെങ്കിൽ ഈ ഒഴിവ് പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ല എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | ആലപ്പുഴ കൊല്ലകടവ് ഗവ: മുഹമ്മദൻസ് എച്ച്.എസ് ലെ എച്ച്.എസ്.ടി മലയാളം അദ്ധ്യാപകൻ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നു. അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ തിരികെ വരുമെന്ന അവസ്ഥ പരിഗണിച്ച് സ്കൂളിൽ ഉണ്ടാകുന്ന ഒഴിവിൽ ദിവസവേതന അടിസ്ഥാനത്തിൽ മാത്രമാണ് അദ്ധ്യാപകരെ നിയമിക്കാൻ സാധിക്കുന്നത്. ടി സ്കൂളിൽ ഇപ്പോൾ ദിവസവേതന അടിസ്ഥാനത്തിൽ ആളെ നിയമിച്ചിട്ടുണ്ട്. |
| (ഡി) | ആലപ്പുഴ ജില്ലയിൽ എച്ച്.എസ്.ടി. മലയാളം തസ്തികയിൽ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്ത തീയതിയും വ്യക്തമാക്കുമോ? | (ഡി) | നാല് പ്രതീക്ഷിത ഒഴിവുകൾ എച്ച്.എസ്.ടി മലയാളം തസ്തികയിൽ 23.01.2024 തീയതിയിൽ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | സ്കൂളിന്റെ പേര് | ഒഴിവുകളുടെ എണ്ണം | വിരമിക്കൽ തീയതി |
|---|---|---|---|
| 1. | ജി.എച്ച്.എസ് മംഗലം | 1 | 31.03.2024 |
| 2 | ജി.എച്ച്.എസ് മണ്ണഞ്ചേരി | 2 | 31.05.2024 |
| 3 | വി.ആർ.വി.എം.ജി എച്ച്.എസ് വയലാർ | 1 | 30.04.2024 |
| 4 | ഗവ:വി.എച്ച്.എസ്.എസ് ചുനക്കര | 1 | 31.05.2024 |
| 5 | ഗവ:ഗേൾസ് എച്ച്.എസ് കായംകുളം | 1 | 31.03.2024 |
| 6 | ഗവ:ഗേൾസ് എച്ച്.എസ് മാവേലിക്കര | 1 | 31.05.2024 |

സെക്ഷൻ ഓഫീസർ